# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 164 — 18.06.2012 -ൽ മറുപടിയ്ക്ക്

### കേന്ദ്ര ചിട്ടി നിയമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.പി.റ്റി.എ.റഹീം | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര ചിട്ടി നിയമം സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ; | (എ) | ഉണ്ട്. |
| (ബി) | കേരളത്തിലെ ചിട്ടി നിയമം അസാധുവാക്കിക്കൊണ്ട് സുപ്രീം കോടതി ഉത്തരവിട്ടിട്ടുണ്ടോ ; സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ സർക്കാർ എന്തെല്ലാം നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | (ബി) | ഉണ്ട്. കേന്ദ്രചിട്ടി നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായിട്ടുള്ള കേരള ചിട്ടി നിയമം 1975ലെ വ്യവസ്ഥകൾ ഭരണഘടനയിലെ 254(1) അനുഛേദ പ്രകാരം അസാധുവായതായി സുപ്രീംകോടതി നിരീക്ഷിച്ചിട്ടുണ്ട്. എന്നാൽ 08-05-12ലെ സുപ്രീം കോടതി വിധി വരുന്നതിനു മുമ്പ് തന്നെ, 30-04-12ൽ, കേന്ദ്രചിട്ടിനിയമം 1982, കേരളത്തിൽ നടപ്പിലാക്കി കൊണ്ട് കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. ഈ സുപ്രീം കോടതി വിധിയിൽ തന്നെ കേരള ചിട്ടി ആക്റ്റ് 1975 പ്രകാരം നടന്നുകൊണ്ടിരിക്കുന്ന ചിട്ടികൾ പ്രസ്തുത നിയമം അനുസരിച്ച് തുടരാമെന്നും 1897ലെ General Clauses Act ലെ 6(ബി), 6(സി) വ്യവസ്ഥയനുസരിച്ച് ആർജ്ജിച്ചിട്ടുള്ള പ്രത്യേക അവകാശമോ, കടപ്പാടോ, ലയബിലിറ്റീസിനെയോ ബാധിക്കുന്നതല്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്.<br>(..................2) |

| | | | |
|---|---|---|---|
| (സി) | കെ.എസ്.എഫ്.ഇ. യുടേതുൾപ്പെടെ സംസ്ഥാനത്ത് ഇപ്പോൾ നടന്നുവരുന്ന ചിട്ടികൾ നിയമാനുസൃതമാണോ; വിശദമാക്കാമോ ? | (സി) | അതെ. കേന്ദ്ര ചിട്ടിനിയമം 1982, കേരളത്തിൽ 30-04-12ൽ ബാധകമാക്കി കഴിഞ്ഞു. പ്രസ്തുത നിയമത്തിലെ സെക്ഷൻ 4 പ്രകാരം സംസ്ഥാന സർക്കാരിന്റെ അനുമതി വാങ്ങി, പുതിയ ചിട്ടികൾ കെ.എസ്.എഫ്.ഇ. നടത്തി വരുന്നു. മുമ്പ് നടത്തിക്കൊണ്ടിരുന്ന ചിട്ടികൾ, കേരള ചിട്ടി നിയമം 1975 പ്രകാരം തുടരുന്നതിന് കേന്ദ്ര നിയമം 90(2) വകുപ്പ് പ്രകാരം അനുവദനീയമാണ്. |

സെക്ഷൻ ഓഫീസർ